# കാലിക്കറ്റ് സർവകലാശാല
# ആഭ്യന്തര ഓഡിറ്റ് വിഭാഗം

ഓഡിറ്റ് റിപ്പോർട്ട് - ഫെബ്രുവരി 2019

3966/FIN-INT.AUDIT-1/2019/Fin 21.03.2019

**ആഭ്യന്തര ഓഡിറ്റ് വിഭാഗം 2019 ജനുവരി മാസം 23, 24 തിയ്യതികളിൽ വടകര പുതുപ്പണം സെന്ററിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സർവകലാശാലയുടെ സ്വാശ്രയ BEd പഠനകേന്ദ്രം സന്ദർശിച്ചു.**

കാലിക്കറ്റ് സർവകലാശാല സെഷനൽ അടിസ്ഥാനത്തിൽ 1982 ൽ ആരംഭിച്ച BEd കോഴ്സുകൾ ഇപ്പോൾ മുഴുവൻ സമയ റെഗുലർ കോഴ്സുകളായി 11 പഠനകേന്ദ്രങ്ങളിലായി DSFC യുടെ നിയന്ത്രണത്തിൽ നടത്തിവരുന്നു. വടകര മുൻസിപ്പാലിറ്റിയിലെ പുതുപ്പണം എന്ന സ്ഥലത്തു മുൻസിപ്പാലിറ്റി കാലിക്കറ്റ് സർവകലാശാലയുടെ വിദ്യാഭാസ സംബന്ധമായ ആവശ്യങ്ങൾക്കായി രജിസ്ട്രാർക്ക് GO (SA )4797 / 2000 LAD പ്രകാരം 10 .11 .2000 തിയ്യതിയായി കൈമാറ്റം ചെയ്തിട്ടുള്ള റീ.സ. നമ്പർ 55 / 1.2, ആയി നടക്കുതാഴ അംശം പുതുപ്പണം ദേശത്തുള്ള 83 സെന്റ് ഭൂമിയിൽ സർവകലാശാല സ്വന്തമായി നിർമിച്ചിട്ടുള്ള കെട്ടിടത്തിലാണ് വടകരയിലെ CUTEC, CCSIT എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത വസ്തു യൂണിവേഴ്സിറ്റിയുടെ പേരിലേക്ക് മാറ്റുന്നതിനായുള്ള തുടർ നടപടിക്രമങ്ങൾക്കായി 16.11.2000 തിയ്യതിയിലെ സിണ്ടിക്കേറ്റ് മീറ്റിംഗ് ഇനം 2000 :933 തീരുമാന പ്രകാരം സർവകലാശാലാ വൈസ് ചാൻസലറെ അധികാരപ്പെടുത്തിയതായി ഓഫിസിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽനിന്നുമറിയുന്നു.

പ്രസ്തുത സിണ്ടിക്കേറ്റ് തീരുമാനത്തിന് ശേഷം യൂണിവേഴ്സിറ്റി കൈക്കൊണ്ട നടപടികളെ കുറിച്ചുള്ള യാതൊരു രേഖയും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. എന്നാൽ സമീപകാലത്തു വടകര മുൻസിപ്പാലിറ്റി സർവകലാശാലാ രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുള്ളതും എന്നാൽ അംഗീകരിച്ച് ഒപ്പുവെക്കപ്പെട്ടിട്ടില്ലാത്തതുമായ ലീസ് പ്രമാണത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഒരിക്കൽ ഗവെർന്മെന്റ് ഓർഡർ പ്രകാരം യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുള്ള വസ്തു ലീസ് പ്രമാണം വഴി വീണ്ടും കൈമാറുക എന്നത് അപ്രായോഗികമാണെന്ന് ആഭ്യന്തര ഓഡിറ്റ് വിഭാഗം വിലയിരുത്തുന്നു. വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി ആയത് പ്രമാണമാക്കി സൂക്ഷിക്കാൻ ചുമതലയുള്ള സർവകലാശാലയുടെ കാര്യനിർവഹണ വിഭാഗത്തിൽ ഇതുസംബന്ധിച്ച് അന്വേഷിക്കേണ്ടതാണ്.

ഒരു വിദ്യാർത്ഥിയിൽ നിന്നും ഒരു സെമെസ്റ്ററിൽ 30,000/- രൂപ ഫീസ് വാങ്ങുന്നു. രണ്ടു വർഷം ദൈർഘ്യമുള്ള നാലു സെമെസ്റ്ററുകളിൽ അഞ്ച് പാഠ്യ ശാഖകളിലായി 50 കുട്ടികൾക്കാണ് ഒരു ബാച്ചിൽ പരമാവധി പ്രവേശനം നൽകുന്നത്. 9 അധ്യാപകരും അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, ലൈബ്രേറിയൻ പ്യൂൺ ഉൾപ്പെടെ മൂന്നു അനദ്ധ്യാപകർ എന്നിവരാണ് ഓഫീസിലുള്ളത്.

വാർഷികമായി വരവ് ചെലവുകൾ താരതമ്യം ചെയ്യുമ്പോൾ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു.

**ഓഫീസിൽ സൂക്ഷിക്കുന്ന രെജിസ്റ്ററുകളും രേഖകളും പരിശോധിച്ചു, വിശ്ദാംശങ്ങൾ താഴെ ചേർക്കുന്നു.**

1) **ക്യാഷ് ബുക്ക്**

1. സ്ഥാപനത്തിൽ സൂക്ഷിക്കുന്ന ക്യാഷ് ബുക്കിൽ ചില പേജുകളിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തലുകൾ

വരുത്തിയതായി കാണുന്നു. 31 .03 .2018 നു ശേഷം ബാങ്ക് അക്കൗണ്ടുമായി ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ താരതമ്യപ്പെടുത്തി ഐക്യപ്പെടുത്തിയതായി കാണുന്നില്ല. 19 12 .2018 ൽ ക്യാഷ് ബുക്ക് നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും 15,620 /- രൂപയാണെന്നു കാണുന്നു.

2. സ്ഥാപന മേധാവി ഒപ്പുവെക്കുന്ന പതിവില്ല.
3. ക്യാഷ് ബുക്ക് അശ്രദ്ധമായി കൈകാര്യം ചെയ്തു വരുന്നതായി ശ്രദ്ധയിൽ പെട്ടു . 19 .12 .2018 നു ശേഷം ക്യാഷ് ബുക്ക് എഴുതിയതായി കാണുന്നില്ല. അന്നേ ദിവസത്തെ നീക്കിയിരിപ്പ് തുക 15,620 /- ആണെന്ന് കാണുന്നു.
4. 29 .03 .2018 ഇൽ ക്ലോസിങ് ബാലൻസ് തുക 3,82,273 /- ആണെന്നിരിക്കെ അടുത്തദിവസം 30 .03 .2018 ഇൽ ഓപ്പണിങ് ബാലൻസ് 3,79,273 .50 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
5. **സ്ഥാപനത്തിൽ സൂക്ഷിക്കുന്ന രെജിസ്റ്ററുകൾ, പ്രധാനമായും ക്യാഷ് ബുക്ക്, ഏറെ ശ്രദ്ധാ പൂർവം കൈകാര്യം ചെയ്യേണ്ടതും 2018 മാർച്ച് 28 മുതൽ നാളിതുവരെ ക്യാഷ് ബുക്കിലുള്ള രേഖപ്പെടുത്തലുകൾ സൂക്ഷ്മ പരിശോധന നടത്തി തെറ്റ് കണ്ടെത്തി പരിഹരിച്ച് സ്ഥാപനമേധാവിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം നിലവിലുള്ള ക്യാഷ് ബുക്ക് നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും താമസംവിനാ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.**
6. ചെക്ക് നമ്പർ 128021 പ്രകാരം തുക സംബന്ധിച്ച വിശദാംശം ചെക്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
7. ചെക്ക് നമ്പർ 128023 പ്രകാരം തുക സംബന്ധിച്ച വിശദാംശം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
8. ചെക്ക് നമ്പർ 128028 പ്രകാരം തുക 35000 /- ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2)**അഡ്മിഷൻ രെജിസ്റ്ററിൽ** ഇ ഗ്രാന്റ്സ് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു.

ഫിസിക്കൽ സയൻസ് വിഭാഗത്തിൽ നമ്പർ 2674 ആര്യ സി, ഇംഗ്ലീഷ് വിഭാഗത്തിൽ നമ്പർ 2671 സ്വാതി. എ .കെ, നമ്പർ 2672 ഭവിഷ വി എന്നിവരുടെ ഇ ഗ്രാന്റ്സ് സംബന്ധിച്ച വിശദാംശങ്ങൾ അഡ്മിഷൻ രെജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

**3) ഇ ഗ്രാന്റ്സ് രജിസ്റ്റർ** പരിശോധിച്ചു.

ഇ ഗ്രാന്റ്സ് അക്കൗണ്ട് നമ്പർ 30853147723 SBI നടക്കുതാഴ, വടകര. 22 .01 2019 നു 2,65,500/- രൂപയാണ് അക്കൗണ്ടിൽനീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക യഥാവിധി വിതരണം ചെയ്ത് അക്കൗണ്ട് നീക്കിയിരിപ്പില്ലാത്തവിധം നിലനിർത്തേണ്ടതാണ്.

**ഇ ഗ്രാന്റ്സ് സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട രെജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾക്കു ശേഷം ചുവടെ കൊടുത്ത മാതൃകയിൽ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.**

| Egrants details of B Ed students | | | | |
|---|---|---|---|---|
| year | claimed details | sanctioned details | disbursed details | remarks |
| 2017-19 | | | | |
| 2018-20 | | | | |

**4)സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സംബന്ധിച്ച ഇങ്കുബെന്റ്രജിസ്റ്ററിൽ** 2016 നു ശേഷം രേഖപ്പെടുത്തലുകൾ ഇല്ല.

**5)ലൈബ്രറിയിലെ അക്സെഷൻ രജിസ്റ്റർ** പരിശോധിച്ചതിൽ 6071 പുസ്തകങ്ങളുണ്ട്. കേടുവന്ന 30 പുസ്തകങ്ങൾ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് എഴുതി തള്ളാനുള്ളതാണെന്നു കാണുന്നു.

**6)ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് രജിസ്റ്റർ** പരിശോധിച്ചു

അപാകതകളില്ലാത്തതും മറ്റു സ്ഥാപനങ്ങൾക്കുകൂടി മാതൃകയാക്കാവുന്ന തരത്തിലുള്ളതാണെന്നും വിലയിരുത്തുന്നു.

**7) ഹാജർ പുസ്തകം -**അധ്യാപകരുടെ ഹാജർ പുസ്തകംപരിശോധിച്ചപ്പോൾ 2019 ജനുവരി മാസം 22 ,23 തിയ്യതികളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല എന്ന് കണ്ടു. ഓഫീസ് കാര്യങ്ങൾ നിർവഹിക്കാൻ ചുമതലപ്പെട്ടയാൾ ഇക്കാര്യം ഗൗരവമായി ശ്രദ്ധിക്കേണ്ടതും അപാകതകളില്ലാതെ ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതുമാണ്.

വാർഷിക വരവു ചെലവുകൾ പരിശോധിക്കുമ്പോൾ കെട്ടിട വാടകയിനത്തിൽ ചെലവില്ലാത്ത ഈ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത് എന്ന് കാണുന്നു. വെള്ളം ഉപയോഗിക്കുന്നതിനായി ഏകദേശം 17000 /- രൂപ മാസത്തിൽ ചെലവ് വരുന്നതായി കാണുന്നു. ശുദ്ധജല ദൗർലഭ്യം നേരിടുന്ന പ്രദേശമാണെന്നറിയുന്നു. വെള്ളക്കരം കുറയ്ക്കുന്നതിനായി അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. സാങ്കേതിക തകരാറുകൾ ഉണ്ടോ എന്ന് ബന്ധപ്പെട്ട വിഭാഗത്തെ കൊണ്ടു പരിശോധിപ്പിക്കേണ്ടതാണ്.

സർവകലാശാലയുടേതല്ലാത്ത മറ്റു സ്ഥാപനങ്ങൾക്ക് ക്യാമ്പുകൾ, സെമിനാറുകൾ മുതലായ പരിപാടികൾക്കായി സ്ഥാപനം അനുവദിക്കുമ്പോൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ടു സ്ഥാപനങ്ങളും പരസ്പരം അറിയേണ്ടതും ആയതു സംബന്ധിച്ച ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്. വടകരയിൽ പ്രവർത്തിക്കുന്ന എല്ലാ സർവകലാശാലാ പഠനകേന്ദ്രങ്ങളുടെയും സെമിനാറുകളും അനുബന്ധ പരിപാടികളും നടത്തുന്നതിനായി ഈ കെട്ടിടത്തിൽ സൗകര്യം ഒരുക്കുന്നതിനായി കേന്ദ്രീകൃതവും വ്യവസ്ഥാപിതവുമായ ഒരു കാര്യനിർ വഹണ സംവിധാനം അനുവർത്തിക്കാവുന്നതാണ്.

Suresh K.K
Finance Officer